**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **24-06-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുമെന്നും അതിലൂടെ സഹകരണ ബാങ്കുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാങ്കായി ഉയർത്തുമെന്നുള്ള പ്രകടന പത്രികയിലെ പ്രഖ്യാപനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിൽ ക്രമക്കേടുകൾ തടയുന്നതിനും ആധുനിക സേവനങ്ങൾ ലഭ്യമാക്കുന്നതിനും യുവജനങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ കോർ ബാങ്കിങ് സംവിധാനവുമായി ബന്ധപ്പെടുത്തി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പൊതു സോഫ്റ്റ് വെയറിനായുള്ള RFPയിൽ ട്രഷറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ മറ്റ് ഏജൻസികളുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | സഹകരണ സ്ഥാപനങ്ങളിൽ സമയ നഷ്ടവും കാലതാമസവുമില്ലാതെ സേവനങ്ങൾ നൽകുന്ന തരത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ വകുപ്പിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, ജില്ലാ – താലൂക്ക് തല ഓഫീസുകൾ ഉൾപ്പെടെയുള്ള 172 ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ വകുപ്പിലെ എല്ലാ ഓഫീസുകളിലും CRU (Central Registry Units) അക്കൗണ്ടുകൾ ആരംഭിച്ച് Inter office communication ഉം Intra Office communication-നും ആരംഭിച്ചിട്ടുണ്ട്. Inter- Intra office Communication മുഖേനയാണ് ഇപ്പോൾ |

| | | | |
|---|---|---|---|
| | | | കത്തിടപാടുകൾ നടത്തി വരുന്നത്. സഹകരണവകുപ്പിൽ ഇന്റർ ഓഫീസ് ആശയവിനിമയം 100 ശതമാനമാണ്. |
| (സി) | പ്രാഥമിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാമാക്കുമോ? | (സി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ